I/152263/2024

**"ഭരണഭാഷ – മാതൃഭാഷ"**

SOCIAL JUSTICE DEPARTMENT

SJD/476/2023-E5

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 20-03-2024
Email -swdkerala@gmail.com
Phone - 0471 – 2306040

## നോട്ട്

വിഷയം:- സാ.നീ.വ - ജീവനക്കാര്യം - ക്ലറിക്കൽ തസ്തികയിലെ ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 12.02.2021 തീയതിയിലെ 2/22/2020/ഉ.ഭ.പ.വ നം. സർക്കുലർ.

2. ഈ കാര്യാലയത്തിൽ നിന്നുള്ള 29/12/2023 ലെ ഇതേ നമ്പർ സർക്കുലർ.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ സർക്കുലർ പ്രകാരം ഇ-ഓഫീസ് സംവിധാനം നിലവിലുള്ള സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് വഴി സൃഷ്ടിക്കപ്പെടുന്ന ഫയലുകൾ manual of office procedure-ൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്ന നിലവിലെ രീതി തുടരേണ്ടതും, ഇ-ഓഫീസ് പ്രകാരം ലഭിക്കുന്ന ഫയലുകളുടെയും തപാലുകളുടെയും വിശദാംശങ്ങൾ ആയതിൽ രേഖപ്പെടുത്തേണ്ടതാണെന്നും ഇക്കാര്യം മേലുദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും, വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കേണ്ടതാണെന്നും സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടി സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും പരിപത്രം പുറപ്പെടുവിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ ജോലി നോക്കുന്ന ക്ലറിക്കൽ തസ്തികയിലെ ജീവനക്കാർ അവരവരുടെ പേഴ്സണൽ രജിസ്റ്റർ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകൾ വരുത്തി അതാത് Section Heads ന്റെ പരിശോധനയ്ക്കു ശേഷം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുൻപാകെ (ഏപ്രിൽ 15 മുതൽ ഏപ്രിൽ 20 വരെ) പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പേഴ്സണൽ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

**H DINESHAN**

**സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ**

എല്ലാ ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്കും.

Signed by H Dineshan
Date: 20-03-2024 10:18:03